നം.ഐ.ഇ.ഡി/37749/ഡി.പി.ഐ. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി, 25.06.2011.

## സർക്കുലർ

വിഷയം:- സംയോജിത വിദ്യാഭ്യാസ പദ്ധതി (IED& IEDSS) – 2011-12 പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ (CWSN) കണ്ടെത്തുന്നതിനുള്ള വൈദ്യ പരിശോധന ക്യാമ്പ് സംഘടിപ്പിക്കുന്നത് – സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന സവിശേഷ സഹായം ആവശ്യമുള്ള വിദ്യാർത്ഥികളെ (CWSN) കണ്ടെത്തുന്നതിന് വൈദ്യ പരിശോധന ക്യാമ്പ് അടിയന്തിരമായി നടത്തേണ്ടതാണ്. കഴിഞ്ഞ വർഷത്തേതുപോലെ I മുതൽ XII വരെ ക്ലാസ്സുകളിലേയും വി.എച്ച്.എസ്.ഇ.കളിലേയും കുട്ടികളെ ഒറ്റ യൂണിറ്റായി പരിഗണിച്ചാണ് ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടത്. ബി.ആർ.സി. ഉൾപ്പെടുന്ന പ്രദേശത്തെ മുഴുവൻ പ്രൈമറി, ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ സ്ക്കൂളുകളിലെയും പ്രത്യേക പരിഗണന ആവശ്യമുണ്ടെന്ന് സംശയിക്കുന്ന (Suspected cases) കുട്ടികളെ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടതാണ്. ഇങ്ങനെയുള്ള കുട്ടികളെ കണ്ടെത്തുന്നതിന് ആവശ്യമെങ്കിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് റിസോഴ്സ് അദ്ധ്യാപകരെ സ്ക്വാഡുകളായി തിരിച്ച് സ്ക്കൂൾ സർവ്വേ നടത്തേണ്ടതാണ്. അതിന് വേണ്ടിവരുന്ന ചെലവ് പ്രതിദിനം TA limited to 1 DA എന്ന ക്രമത്തിൽ നൽകാവുന്നതാണ്. സ്ക്കൂൾ അദ്ധ്യാപകരോ ഐ.ഇ.ഡി റിസോഴ്സ് അദ്ധ്യാപകരോ പുതിയതായി കണ്ടെത്തിയ കുട്ടികളെയാണ് ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റോ, വൈകല്യം തെളിയിക്കുന്നതിന് സർക്കാർ നല്കുന്ന തിരിച്ചറിയൽ കാർഡോ കൈവശമുള്ള വിദ്യാർത്ഥികളെ ക്യാമ്പുകളിൽ പങ്കെടുപ്പിക്കാതെ തന്നെ സാമ്പത്തിക സഹായത്തിനും, ഉപകരണങ്ങൾക്കും ശുപാർശ ചെയ്യാവുന്നതാണ്.

- ക്യാമ്പ് നടത്തിപ്പിനായി ഓരോ ബി.ആർ.സിയും കേന്ദ്രീകരിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ഡി.ഇ.ഒ കൺവീനറും ആയി ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ബി.ആർ.സി പരിധിയിൽ വരുന്ന എ.ഇ.ഒ. മാർ ബി.പി.ഒ. (എസ്.എസ്.എ), ഡയറ്റ് ഫാക്കൽറ്റി (ഇൻ ചാർജ് ഓഫ് ബി.ആർ.സി), ഹയർ സെക്കണ്ടറി സ്ക്കൂൾ പ്രിൻസിപ്പാൾ (1), ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ (1),

യു.പി.സ്‌ക്കൂൾ ഹെഡ്മാസ്റ്റർ (1), ഐഇഡിഎസ്എസ് റിസോഴ്‌സ് അദ്ധ്യാപകർ-2, ഐഇഡി റിസോഴ്‌സ് അദ്ധ്യാപകർ (എസ്എസ്എ)-2 എന്നിവർ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും. അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുൻകൈയെടുത്ത് ഈ കമ്മിറ്റി രൂപീകരിക്കേണ്ടതും ഫലപ്രദമായി കമ്മിറ്റികൾ പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

- ക്യാമ്പുകൾ വിലയിരുത്തുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിനുമായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ചെയർമാനും, വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ കൺവീനറും ഡി.പി.ഒ. (എസ്.എസ്.എ.), ഡയറ്റ് പ്രിൻസിപ്പാൾ, അസിസ്റ്റന്റ് ഡയറക്ടർ വി.എച്ച്.എസ്.ഇ, ഹയർസെക്കന്ററി ജില്ലാകോർഡിറ്റർ ജില്ലയിലെ ഡി.ഇ.ഒ.മാർ, ഐഇഡി പ്രോഗ്രാം ഓഫീസർ (എസ്.എസ്.എ.), ഐഇഡി ചാർജ് വഹിക്കുന്ന ഡയറ്റ് ഫാക്കൽറ്റി, അതത് ഡി.ഡി.ഇ നിർദ്ദേശിക്കുന്ന 2 എ.ഇ.ഒ മാർ എന്നിവർ കമ്മിറ്റി അംഗങ്ങളും ആയിരിക്കും. അതത് ഡി.ഡി.ഇ. മുൻകൈയെടുത്ത് ഈ കമ്മിറ്റി അടിയന്തിരമായി രൂപീകരിക്കേണ്ടതാണ്.
- അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അവരുടെ വിദ്യാഭ്യാസ ജില്ലയിൽ നടക്കുന്ന ക്യാമ്പുകൾ കോ-ഓർഡിനേറ്റ് ചെയ്യേണ്ടതും അവ സുഗമമായി നടക്കുന്നു എന്നും സമയബന്ധിതമായി പൂർത്തിയാക്കുന്നു എന്നും ഉറപ്പുവരുത്തേണ്ടതുമാണ്.
- ക്യാമ്പിനു മുന്നോടിയായി IED/IEDSS റിസോഴ്‌സ് അദ്ധ്യാപകരുടെയും, എ.ഇ.ഒ./ബി.പി.ഒ എന്നിവരുടെയും യോഗം അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ വിളിച്ചു ചേർക്കേണ്ടതും ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിൽ നേരിടാവുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ക്യാമ്പ് നടത്തിപ്പ് അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നതും പാളിച്ചകൾ ഉണ്ടായാൽ നടപടി സ്വീകരിക്കുന്നതുമാണ്. ഡി.ഇ.ഒ. ഓഫീസിലെ ഐ.ഇ.ഡി സെക്ഷൻ ക്ലാർക്ക് മുഴുവൻ സമയവും നിർബന്ധമായി ക്യാമ്പിൽ സംബന്ധിക്കേണ്ടതും ക്യാമ്പിന്റെ എല്ലാ മേഖലകളിലും ആവശ്യമായ പൂർണ്ണ സഹകരണം നൽകേണ്ടതുമാണ്. ഒരേ സമയം ഒന്നിലധികം ക്യാമ്പുകൾ നടക്കുന്നുണ്ടെങ്കിൽ ഡി.ഇ.ഒ.ഓഫീസിലെ മറ്റ് ജീവനക്കാരുടേയും, എ.ഇ.ഒ. ഓഫീസുകളിലെ ഐ.ഇ.ഡി. സെക്ഷൻ ക്ലാർക്കുമാരുടേയും സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനു വേണ്ടി

വരുന്ന നിയമാനുസൃതമായ ചെലവ് മെഡിക്കൽ ക്യാമ്പിനായി അനുവദിച്ച തുകയിൽ നിന്ന് ഉപയോഗിക്കാവുന്നതാണ്.

## I മുതൽ VIII വരെ ക്ലാസ്സുകളിലെ വിദ്യാർഥികളെ സംബന്ധിച്ച്

- കഴിഞ്ഞ വർഷങ്ങളിൽ ആനുകൂല്യങ്ങൾക്കർഹരായ I മുതൽ VIII വരെ ക്ലാസ്സുകളിലെ വിദ്യാർഥികളുടെ പട്ടിക (Renewal list) അതത് ഉപജില്ലാ വിദ്യാഭ്യാസഓഫീസർ സ്ക്കൂളുകളിൽ നിന്ന് നേരിട്ട് ശേഖരിക്കേണ്ടതാണ്.
- ഈ വർഷം ആനുകൂല്യങ്ങൾക്കർഹതയുണ്ടെന്ന് കണ്ടെത്തുന്ന I മുതൽ VIII വരെ ക്ലാസ്സുകളിലെ വിദ്യാർഥികളുടെ പട്ടിക (Fresh list) ബി.ആർ.സി.കൾ ക്യാമ്പ് പൂർത്തിയായി 3 ദിവസത്തിനകം അതത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകേണ്ടതാണ്.
- ഓരോ വിദ്യാർഥിക്കും അർഹമായ സാമ്പത്തിക ആനുകൂല്യങ്ങളുടെ തുകവിവരം രേഖപ്പെടുത്തുന്നതിനുള്ള ചുമതല അതത് എ.ഇ.ഒ ഓഫീസുകൾക്കാണ്.
- ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മേൽപ്പറഞ്ഞ രണ്ട് പട്ടികകളും ക്രോഡീകരിച്ച് (റിന്യൂവൽ /ഫ്രഷ് വ്യത്യാസമില്ലാതെ) ഒറ്റ പട്ടികയായി സി.ഡി സഹിതം (എക്സൽ ഫോർമാറ്റിൽ) 2011 ജൂലൈ 31 നുമുമ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഐ.ഇ.ഡി സെല്ലിൽ സമർപ്പിക്കേണ്ടതാണ്.
- 1 മുതൽ 8 വരെ ക്ലാസ്സുകളിലെ മെഡിക്കൽ ക്യാമ്പിനുള്ള എല്ലാ ചെലവും പൂർണ്ണമായും എസ്.എസ്.എ വഹിക്കുന്നതാണ്.
- അപേക്ഷകൾ വൈകിലഭിക്കുന്നത് മൂലം കുട്ടികൾക്ക് സാമ്പത്തികസഹായം നഷ്ടപ്പെടുകയാണെങ്കിൽ അതിനുള്ള പൂർണ്ണ ഉത്തരവാദിത്തം അതത് ഓഫീസർമാർക്ക് മാത്രമായിരിക്കും.

## IX, X ക്ലാസ്സുകളിലെ വിദ്യാർഥികളെ സംബന്ധിച്ച്

- കഴിഞ്ഞ വർഷങ്ങളിൽ ആനുകൂല്യങ്ങൾക്കർഹരായ IX, X ക്ലാസ്സുകളിലെ വിദ്യാർഥികളുടെ പട്ടികയും (Renewal list) അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ തയ്യാറാക്കേണ്ടതാണ്.

- വൈദ്യപരിശോധനക്കുശേഷം Fresh and renewal കുട്ടികളുടെ പട്ടിക ക്രോഡീകരിച്ച് ഒറ്റ പട്ടികയാക്കി സി.ഡി (എക്സൽ ഫോർമാറ്റ്) സഹിതം ജൂലൈ 31 നു മുമ്പ് ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

## ഹയർസെക്കന്ററി ക്ലാസ്സുകളിലെ (XI, XII)വിദ്യാർഥികളെ സംബന്ധിച്ച്

- കഴിഞ്ഞ വർഷം ആനുകൂല്യങ്ങൾക്കർഹരായ വിദ്യാർഥികളുടെ പട്ടിക (Renewal list) ബന്ധപ്പെട്ട ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ നിന്ന് നേരിട്ട് ശേഖരിക്കേണ്ടതാണ്.

## വൊക്കേഷണൽ ഹയർസെക്കന്ററി ക്ലാസ്സുകളിലെ വിദ്യാർഥികളെ സംബന്ധിച്ച്

- കഴിഞ്ഞ വർഷം ആനുകൂല്യങ്ങൾക്കർഹരായ വിദ്യാർഥികളുടെ പട്ടിക (Renewal list) ബന്ധപ്പെട്ട വി.എച്ച്.എസ്.ഇ അസിസ്റ്റന്റ് ഡയറക്ടർ വി.എച്ച്.എസ്.ഇ സ്ക്കൂളുകളിൽ നിന്ന് നേരിട്ട് ശേഖരിക്കേണ്ടതാണ്.
    - വി.എച്ച്.എസ്.ഇ./എച്ച്.എസ്.എസ്. ക്ലാസ്സുകളിൽ നിന്ന് ഈ വർഷം ആനുകൂല്യങ്ങൾക്കർഹതയുണ്ടെന്ന് കണ്ടെത്തുന്ന വിദ്യാർഥികളുടെ പട്ടിക (Fresh list) മാത്രമേ അതാത് ഡി.ഇ.ഒ ഓഫീസുകളിൽ നിന്ന് തയ്യാറാക്കി ബന്ധപ്പെട്ട RDD/AD (VHSE) –മാർക്ക് നൽകേണ്ടതുള്ളൂ. കഴിഞ്ഞ വർഷങ്ങളിൽ ആനുകൂല്യങ്ങൾക്കർഹരായ വിദ്യാർഥികളുടെ പട്ടിക (Renewal list) അതത് ഓഫീസുകൾ നേരിട്ട് അതത് സ്ക്കൂളുകളിൽ നിന്ന് ശേഖരിക്കേണ്ടതാണ്. Fresh list 2011 ജൂലൈ 20-ന് മുൻപായി ഡി.ഇ.ഒ.മാർ അതാത് RDD-മാർക്കും AD (VHSE) മാർക്കും നൽകേണ്ടതാണ്. വൈദ്യപരിശോധനാ ക്യാമ്പുകൾ സമയബന്ധിതമായി പൂർത്തിയാക്കി അർഹതയുള്ള വിദ്യാർഥികളുടെ പട്ടിക (Renewal list & Fresh list ഒറ്റ പട്ടികയായി) നിശ്ചിത പ്രൊഫോർമയിൽ (എക്സെൽ ഫോർമാറ്റ്) ക്രോഡീകരിച്ച് സി.ഡി. സഹിതം ബന്ധപ്പെട്ട RDD/AD (VHSE)-മാർ 2010 ജൂലൈ 31-ന് മുമ്പായി പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

താഴെ പറയുന്ന വിഭാഗങ്ങളിലെ വിദഗ്ധരായ ഡോക്ടർമാരുടെയും ടെക്നീഷ്യന്മാരുടെയും സേവനം ക്യാമ്പിൽ ഉറപ്പ് വരുത്തേണ്ടതാണ്.

i) കാഴ്ചവൈകല്യം (Blindness, Low vision):-
ഒഫ്താൽമോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർ(1), ഒഫ്താൽമിക് അസിസ്റ്റന്റ്/ടെക്നീഷ്യൻ(1 പരമാവധി 2).

ii)കേൾവിക്കുറവ് (Hearing Impaired):- ഇ.എൻ.റ്റി സ്പെഷ്യലിസ്റ്റ്(1), ഓഡിയോളജിസ്റ്റ് (1 പരമാവധി 2), എച്ച്.ഐ വിഭാഗം യോഗ്യത നേടിയ റിസോഴ്സ് അദ്ധ്യാപകൻ (ഇന്റർപ്രട്ടറായി പ്രവർത്തിക്കുന്നതിന് (1).

iii)ചലന വൈകല്യം (OH/Locomotor Disability):- ഓർത്തോപീഡിക്സ് സ്പെഷ്യലിസ്റ്റ് (1), ഓർത്തോപീഡിക് അസിസ്റ്റന്റ്/ടെക്നീഷ്യൻ (1 പരമാവധി 2).

iv) മെന്റലി ചലഞ്ച്ഡ് (Mentally Challenged):- ന്യൂറോളജിസ്റ്റ്/സൈക്യാടിസ്റ്റ്(1), ക്ലിനിക്കൽ സൈക്കോളജിസ്റ്റ്(1).

v) മെന്റൽ ഇൽനെസ്, ഓട്ടിസം, സെറിബ്രൽ പാൾസി, സ്പീച്ച് ഇംപയർമെന്റ്, പഠനവൈകല്യം, ലെപ്രസി ക്യൂർഡ്, മറ്റ് വിഭാഗങ്ങൾ (ഡെഫ്-ബ്ലൈൻഡ്നസ്, മൾട്ടിപ്പിൾ ഡിസബലിറ്റീസ് ) തുടങ്ങിയ മേഖലകളിൽ വൈദഗ്ദ്ധ്യം നേടിയ ഓരോ ഡോക്ടർമാരുടെ സേവനവും ക്യാമ്പുകളിൽ ഉറപ്പ് വരുത്തേണ്ടതാണ്. മെഡിക്കൽ ക്യാമ്പിന് ഇപ്പോൾ അനുവദിക്കുന്ന തുകയിൽ നിന്ന് വ്യത്യസ്തമായി ഏതെങ്കിലും പ്രത്യേക ആവശ്യങ്ങൾക്കായി (എസ്.എസ്.എൽ.സി പോലുള്ള) മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിന് തുക അനുവദിക്കുന്നതല്ല. പഠനവൈകല്യമുള്ള കുട്ടികളെ കണ്ടെത്തുന്നതിനുള്ള ക്യാമ്പും ഈ ക്യാമ്പുകളോടൊപ്പം നടത്തേണ്ടതാണ്.

## പൊതുനിർദ്ദേശങ്ങൾ

- വൈദ്യപരിശോധനാ ക്യാമ്പുകൾ സമയബന്ധിതമായി പൂർത്തിയാക്കി അർഹതയുള്ള വിദ്യാർഥികളുടെ പട്ടിക (Renewal list & Fresh list - ഒറ്റ പട്ടികയായി) നിശ്ചിത പ്രൊഫോർമയിൽ (എക്സെൽ ഫോർമാറ്റ്) ക്രോഡീകരിച്ച് സി.ഡി. സഹിതം ബന്ധപ്പെട്ട ഡി.ഇ.ഒ./ RDD/AD (VHSE)-മാർ 2011 ജൂലൈ 31-ന് മുമ്പായി പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

- കഴിഞ്ഞ വർഷങ്ങളിൽ ആനുകൂല്യങ്ങൾക്കർഹരായ വിദ്യാർഥികളെ (Renewal ) ക്യാമ്പിൽ ഒരുകാരണവശാലും പങ്കെടുപ്പിക്കേണ്ടതില്ല.
- I മുതൽ VIII വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് നൽകി വരുന്ന സാമ്പത്തിക സഹായം കഴിഞ്ഞവർഷം (2010-11) നൽകിയ നിരക്കിൽ തന്നെയായിരിക്കും നൽകുക.
- 1 മുതൽ 8 വരെ ക്ലാസ്സുകളിലെ 40%-മോ അതിലധികമോ വൈകല്യമുള്ള VI, OH(LMD), HI, MR എന്നീ 4 വിഭാഗം വിദ്യാർഥികൾക്ക് മാത്രമാണ് സാമ്പത്തിക സഹായം നൽകുന്നത്.
- 9 മുതൽ 12 വരെ ക്ലാസ്സുകളിലേയും വി.എച്ച്.എസ്.ഇ-യിലേയും വിദ്യാർഥികളുടെ പട്ടിക മുൻവർഷത്തേതുപോലെ 12 വിഭാഗങ്ങളിലായി സമർപ്പിക്കേണ്ടതാണ്. Blindness (40% and above), Low vision (20% to Below 40%) വിഭാഗങ്ങളെ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
- 1 മുതൽ 12 വരെ ക്ലാസ്സുകളിലെ (വി.എച്ച്.എസ്.ഇ ഉൾപ്പെടെ) കുട്ടികൾക്കുള്ള സാമ്പത്തിക സഹായം നൽകുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഐ.ഇ.ഡി സെല്ലിൽ നിന്നുമാണ്.
- 1 മുതൽ 8 വരെ ക്ലാസ്സുകളിലെ അർഹരായ വിദ്യാർത്ഥികൾക്കുള്ള സഹായോപകരണങ്ങൾ എസ്.എസ്.എ വഴിയും 9 മുതൽ 12 വരെ ക്ലാസ്സുകളിലെ (വി.എച്ച്.എസ്.ഇ ഉൾപ്പെടെ) വിദ്യാർത്ഥികൾക്കുള്ള സഹായോപകരണങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നുമാണ് നൽകുക.
- സഹായോപകരണങ്ങൾക്ക് അർഹതയുള്ള 9 മുതൽ 12 വരെ ക്ലാസ്സുകളിലേയും വി.എച്ച്.എസ്.ഇ -യിലേയും കുട്ടികളുടെ പട്ടികയും മെഷർമെന്റും പ്രിസ്ക്രിപ്ഷനും അതത് ക്യാമ്പുകളിൽ വച്ച് തന്നെ തയ്യാറാക്കേണ്ടതാണ്. ഇതിനായി കെൽട്രോൺ ഉൾപ്പെടെയുള്ള പൊതു മേഖലാ സ്ഥാപനങ്ങളുടെയോ ഈ രംഗത്തെ വിദഗ്ധരുടെയോ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ഇതിന് വേണ്ടിവരുന്ന നിയമാനുസൃതമായ ചെലവ് വൈദ്യ പരിശോധനാ ക്യാമ്പിനായി അനുവദിക്കുന്ന തുകയിൽ നിന്ന് ഉപയോഗിക്കാവുന്നതാണ്.
- NRHM -ഡോക്ടർമാരുടെ സേവനവും ക്യാമ്പിന് പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ I, X ക്ലാസ്സുകളിലെ കുട്ടികൾക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള ശ്രമവും ക്യാമ്പുകളിൽ

നടത്തേണ്ടതാണ്. സർക്കാർ മേഖലയിലെ ഡോക്ടർമാരെ ലഭിക്കാത്ത സാഹചര്യങ്ങളിൽ, (അത്യാവശ്യമെന്ന് തോന്നുന്ന പക്ഷം), ക്യാമ്പുകൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് വിദഗ്ധരായ പ്രൈവറ്റ് ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

- ഒരു ക്യാമ്പിൽ പങ്കെടുപ്പിക്കാവുന്ന ഓരോ വിഭാഗം കുട്ടികളുടെയും പരമാവധി എണ്ണം 50 ആയി നിജപ്പെടുത്തിയിരിക്കുന്നു. ക്യാമ്പ് സമയവും, തീയതിയും പങ്കെടുക്കേണ്ട വിഭാഗങ്ങളുടെ പേരും സ്ക്കൂളുകളെ അതാത് ഡി.ഇ.ഒ./എ.ഇ.ഒ/ബി.പി.ഒ.മാർ ക്യാമ്പിന് രണ്ടു ദിവസം മുൻപെങ്കിലും അറിയിക്കേണ്ടതും ക്യാമ്പിൽ പങ്കെടുക്കാൻ അർഹതയുള്ള കുട്ടികളും ക്യാമ്പിൽ പങ്കെടുക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
- 9 മുതൽ 12 വരെ ക്ലാസ്സുകളിലെയും വി.എച്ച്.എസ്.ഇ-യിലെയും കുട്ടികളുടെ മെഡിക്കൽ ക്യാമ്പുകൾക്കാവശ്യമായ മുഴുവൻ തുകയും അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ലഭ്യമാക്കുന്നതാണ്.
- വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും അനുവദിക്കുന്ന തുക പൂർണ്ണമായും 9 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ ക്യാമ്പിന് മാത്രമേ ഉപയോഗിക്കുന്നുള്ളു എന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പ് വരുത്താവുന്നതാണ്.
- മുഴുവൻ വൈദ്യപരിശോധനാ ക്യാമ്പുകളും 2011 ജൂലൈ 15 ന് മുമ്പായി പൂർത്തിയാക്കേണ്ടതാണ്.

**വൈദ്യപരിശോധനാ ക്യാമ്പിൽ പങ്കെടുക്കുന്ന ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും താഴെ പറയും പ്രകാരം പ്രതിഫലം നൽകാവുന്നതാണ്:-**

1. ഡോക്ടർമാർ - 30 വിദ്യാർത്ഥികളോ അതിൽ കുറവോ ആണെങ്കിൽ 600/- രൂപയും പിന്നീടുള്ള ഓരോ വിദ്യാർത്ഥിയ്ക്കും 20 രൂപ വീതവും യാത്രാപ്പടി ഇനത്തിൽ നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള കിലോമീറ്റർ അടിസ്ഥാനമാക്കി സ്പെഷ്യൽ കൺവെയൻസ് അലവൻസ് നൽകാവുന്നതാണ്.
2. ടെക്നീഷ്യന്മാർ:- 30 വിദ്യാർത്ഥികളോ അതിൽ കുറവോ ആണെങ്കിൽ 300/- രൂപയും പിന്നീടുള്ള ഓരോ വിദ്യാർത്ഥിയ്ക്കും 10 രൂപ വീതവും, യാത്രപ്പടി ഇനത്തിൽ കെ.എസ്.ആർ പ്രകാരമുള്ള യാത്രബത്തയും അനുവദിക്കാവുന്നതാണ്.

3. ക്യാമ്പിൽ ഇന്റർപ്രട്ടറായി സേവനമനുഷ്ഠിക്കുന്ന ഒരു റിസോഴ്സ് അദ്ധ്യാപകന് (എച്ച്ഐ വിഭാഗം) ദിവസം 150/- രൂപ പ്രകാരം പ്രതിഫലവും യഥാർത്ഥ ബസ് ഫെയറും നൽകേണ്ടതാണ്.

4. വിദ്യാർത്ഥികളെ അനുഗമിക്കുന്ന റിസോഴ്സ് അദ്ധ്യാപർ/മറ്റ് അദ്ധ്യാപകർക്ക് നിയമാനുസൃതമായ യഥാർത്ഥ ബസ് ഫെയറും ദിനബത്തയായി പരമാവധി 150/- രൂപയും ഓരോക്യാമ്പ് ദവസവും നൽകേണ്ടതാണ്. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് യഥാർത്ഥ യാത്രബത്ത (Bus fare) നൽകാവുന്നതാണ്. 1 മുതൽ 3 വരെ കുട്ടികൾക്ക് 1 സഹായി, 4-6 വരെ കുട്ടികൾക്ക് 2 സഹായികൾ എന്ന ക്രമത്തിൽ ആനുപാതികമായി സഹായികളെ കൊണ്ടുവരാവുന്നതാണ്.

5. ക്യാമ്പിൽ പങ്കെടുക്കുന്ന ഡി.ഇ.ഒ / എ.ഇ.ഒ ഓഫീസിലെ ക്ലാർക്കിന് നിയമാനുസൃതമായ യാത്രബത്തയും (Bus fare), ദിനബത്തയും നൽകേണ്ടതാണ്.

6. വിദ്യാർത്ഥികളെ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം പ്രഥമാദ്ധ്യാപകർക്കാണ്. ഇതിനായി മറ്റ് അദ്ധ്യാപകരുടേയും, റിസോഴ്സ് അദ്ധ്യാപകരുടേയും സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്.

7. ക്യാമ്പിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് റിഫ്രഷ്മെന്റ് ഇനത്തിൽ 15/- രൂപ നൽകേണ്ടതാണ്.

8. ഡോക്ടർ/ ടെക്നീഷ്യൻ /ഇന്റർ പ്രട്ടറായി പ്രവർത്തിക്കുന്ന റിസോഴ്സ് അദ്ധ്യാപകൻ എന്നിവർക്ക് പ്രതിദിന ഭക്ഷണച്ചിലവിനത്തിൽ 100/- രൂപവീതം നൽകേണ്ടതാണ്.

9. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും നിയമിക്കപ്പെട്ടിട്ടുള്ള റിസോഴ്സ് അദ്ധ്യാപകർക്ക് ഡി.പി.ഐ.യിൽ നിന്ന് നൽകുന്ന ഫണ്ടിൽ നിന്നും എസ്.എസ്.എ. വഴി നിയമിക്കപ്പെട്ട റിസോഴ്സ് അദ്ധ്യാപകർക്ക് എസ്.എസ്.എ.യുടെ ഫണ്ടിൽ നിന്നുമാണ് പ്രതിഫലം നൽകേണ്ടത്.

10. ക്യാമ്പിന്റെ നടത്തിപ്പിനായി കണ്ടിജൻസി ഇനത്തിൽ പരമാവധി 1500/- രൂപയും Camp document ചെയ്യുന്നതിന് (video, photo ഉൾപ്പെടെ) 1000/- രൂപയും ചെലവാക്കാവുന്നതാണ്.

ക്യാമ്പുകൾ സൗകര്യാർത്ഥം I-IV, V-VIII, IX-XII (HS/HSS/VHSS) ക്ലാസുകൾക്കായോ, ഓരോ വിഭാഗം വൈകല്യങ്ങൾക്കും പ്രത്യേകമായോ സംഘടിപ്പിക്കാവുന്നതാണ്. മെഡിക്കൽ അസസ്മെന്റ് ക്യാമ്പുമായി ബന്ധപ്പെട്ട ഏതു തീരുമാനവും ഇതിനായി രൂപീകരിക്കപ്പെട്ട ഡി.ഇ.ഒ. കൺവീനറായ സബ് കമ്മിറ്റികളിലായിരിക്കണം കൈക്കൊള്ളേണ്ടത്.

ക്യാമ്പുകൾ ഫലപ്രദമായും സമയബന്ധിതമായും പൂർത്തിയാക്കിയ ശേഷം ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ടും, photo, CD documentation തുടങ്ങിയവയും 2011 ജൂലൈ 31 ന് മുമ്പായി ഡി.ഇ.ഒ.മാർ ഡി.പി.ഐ. ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ക്യാമ്പുകളിൽ കുട്ടികളെ പങ്കെടുപ്പിക്കേണ്ടതും അവരോടൊപ്പം അദ്ധ്യാപകർ സഹായികളായി പങ്കെടുക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും അതത് സ്കൂൾ മേലധികാരികളാണ്. വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കെടുക്കാതിരിക്കുകയോ അതുമൂലം സാമ്പത്തിക സഹായങ്ങളും, സഹായോപകരണങ്ങളും നഷ്ടപ്പെടുകയോ ചെയ്താൽ അതിനുള്ള പൂർണ്ണ ഉത്തരവാദിത്തം അതത് സ്ഥാപനമേലധികാരികൾക്കായിരിക്കും.

(പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം)

ആർ. രാജൻ
വിദ്യാഭ്യാസ ഉപഡയറക്ടർ (ഐ.ഇ.ഡി.)

പകർപ്പ്:-
1. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ജില്ലാ പഞ്ചായത്ത്.
2. പ്രസിഡന്റ് ബ്ലോക്ക് പഞ്ചായത്ത് (അതാത് ഡി.ഇ.ഒ.മാർ മുഖേന)
3. സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ എസ്.എസ്.എ
4. ഡയറക്ടർ, ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ
5. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ
6. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
7. എല്ലാ റീജണൽ ഡെപ്യൂട്ടി ഡയറക്ടർ (എച്ച്.എസ്.ഇ) മാർക്കും (താങ്കളുടെ കീഴിലുള്ള എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും ഈ സർക്കുലറിന്റെ കോപ്പി നൽകേണ്ടതാണ്)
8. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (വി.എച്ച്.എസ്.ഇ) മാർക്കും (താങ്കളുടെ കീഴിലുള്ള എല്ലാ വി.എച്ച്.എസ്.എസ് സ്കൂളുകൾക്കും ഈ സർക്കുലറിന്റെ കോപ്പി നൽകേണ്ടതാണ്)
9. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
10. എല്ലാ ഡിസ്ട്രിക്ട് പ്രോജക്ട് ഓഫീസർ (എസ്.എസ്.എ) മാർക്കും - (എല്ലാ ബി.പി.ഒ മാർക്കും ഈ സർക്കുലറിന്റെ കോപ്പി നൽകേണ്ടതാണ്.)
11. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (താങ്കളുടെ കീഴിലുള്ള എല്ലാ ഹൈസ്കൂളുകൾക്കും ഈ സർക്കുലറിന്റെ കോപ്പി നൽകേണ്ടതാണ്)
12. എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (താങ്കളുടെ കീഴിലുള്ള എല്ലാ യു.പി/എൽ.പി സ്കൂളുകൾക്കും ഈ സർക്കുലറിന്റെ കോപ്പി നൽകേണ്ടതാണ്)
13. ഈ സർക്കുലറിന്റെ പകർപ്പ് അതത് ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ പതിക്കേണ്ടതാണ്.
14. ഓഫീസ് കോപ്പി.